# നീലിമയുടെ പ്രായശ്ചിത്തം

• ടി.വി ഹരികുമാർ

കുട്ടികളെല്ലാവരും അസംബ്ലി ചേരുന്നതിനായി സ്കൂൾ മൈതാനത്തേക്ക് പോയി. തലവേദനയാണെന്നു പറഞ്ഞ് നീലിമ പോയില്ല. അവൾ ഡെസ്കിൽ തലവെച്ച് കിടന്നു. തന്റെ ക്ലാസ് ഉൾപ്പെടെ നാലു ക്ലാസ് റൂമുകൾ ഉള്ള ആ കെട്ടിടത്തിലൊന്നും ആരുമില്ല. ഇതിനെക്കാൾ പറ്റിയ സന്ദർഭം ഇനി കിട്ടില്ലെന്ന് അവളുടെ മനസ്സ് പറഞ്ഞു.

ഇന്ന് രാവിലെ ക്ലാസിലേക്ക് കയറാൻ ഒരുങ്ങുമ്പോൾ കണ്ടതാണ് അഞ്ഞൂറു രൂപയുടെ നോട്ട് മഞ്ജിമ അവളുടെ ബാഗിന്റെ സൈഡിലുള്ള അറയിൽ വെക്കുന്നത്. അതെടുത്താലോ, ആരറിയാനാണ്? അവളുടെ മനസ്സിൽ ദുഷ്ട ചിന്തകൾ ചേക്കേറി. വേണ്ട, മോഷണം ഏറ്റവും വലിയ തെറ്റാണ്.

പക്ഷേ സദ്ചിന്തകളെ എത്ര വേഗമാണ് ദുർവിചാരം കീഴടക്കിയത്. പനിയെന്ന നാട്യത്തിൽ താൻ ക്ലാസിലിരുന്നത് ഇതിനാണെന്ന് ആരറിയാൻ? പക്ഷേ പണം പോയെന്ന് മഞ്ജിമ പരാതി പറഞ്ഞാൽ ബാഗുകൾ പരിശോധിക്കപ്പെട്ടാൽ... ആലോചിച്ചുകൊണ്ടിരിക്കാൻ നേരമില്ല. ആദ്യം പണമെടുക്കുക. പിന്നെ അത് ഒളിപ്പിച്ചു വെക്കുക. ഇനി കുറച്ച് സമയം കൂടിയേയുള്ളൂ. അതിനുള്ളിൽ കാര്യം നടത്തണം. നീലിമ പതിയെ എഴുന്നേറ്റു. ആരും കാണുന്നില്ലെന്നവൾ ഉറപ്പുവരുത്തി. മഞ്ജിമയുടെ ബാഗ് തുറന്നപ്പോഴും പണം എടുത്തപ്പോഴും നീലിമയുടെ കൈ വിറച്ചിരുന്നു.

ഇനിയത് ഭദ്രമായി എവിടെയെങ്കിലും വെക്കണം. തന്റെ ഹിന്ദി നോട്ട് ബുക്കിന്റെ ഉള്ളിൽ അത് അവൾ ഒളിപ്പിച്ചു. ഒന്നും സംഭവിക്കാത്തതുപോലെ തല ഡെസ്കിൽ വെച്ച് കിടന്നു. അസംബ്ലി കഴിഞ്ഞ് കുട്ടികൾ ക്ലാസിലെത്തി. നീലിമ ഇതുവരെ എഴുന്നേറ്റിട്ടില്ല. കൂട്ടുകാരി നയൻതാരയാണ്. ''നയനൂ.. നീ എനിക്കിത്തിരി വിക്സ് വാങ്ങിത്തരുമോ? പി.റ്റി ടീച്ചർ വിക്സ് തരും.'' നയൻതാര വിക്സ് വാങ്ങിയെത്തി, നീലിമക്ക് പുരട്ടിക്കൊടുത്തു.

കണ്ണടച്ചു കിടക്കുമ്പോഴൊക്കെ അഞ്ഞൂറു രൂപ വീട്ടിലെത്തിക്കണമെന്ന ചിന്ത തന്നെയാ



▸▸ ലോകത്തിലെ ആദ്യത്തെ ബഹിരാകാശ വിനോദസഞ്ചാരി– ഡെന്നിസ് ടിറ്റോ

യിരുന്നു. മഞ്ജിമ ബാഗ് പരിശോധിക്കുന്നു. ഒടുക്കം അലറിക്കരയുന്ന ശബ്ദം. ക്ലാസ് ടീച്ചർ അഭിലാഷ് സാർ എത്തി. മഞ്ജിമ ഏങ്ങലടിച്ചു. ''മഞ്ജിമ കരയാതിരിക്കൂ.. നീ ക്ലാസിൽ പണം കൊണ്ടുവന്നിരുന്നോ?'' ''കൊണ്ടുവന്നു സാർ.'' മഞ്ജിമ കരഞ്ഞു കൊണ്ടാണ് പറയുന്നത്. ''ശരി, പണമെടുത്തവർ തിരിച്ചു കൊടുക്കണം.''

ആരും അനങ്ങുന്നില്ല. പണമെടുത്താൽ തിരിച്ചു കൊടുക്കുന്ന ആരെങ്കിലുമുണ്ടോ.. മഞ്ജിമ മനസ്സിൽ ചിരിച്ചു. ഗാന്ധിദർശൻ പാഠങ്ങൾ കൈകാര്യം ചെയ്യുന്ന അഭിലാഷ് സാർ കുട്ടികളെയെല്ലാവരെയും എഴുന്നേൽപ്പിച്ചു നിർത്തി. ''ഇരിക്കൂ, ഇനി നിങ്ങൾക്ക് ഞാനൊരു കഥ പറഞ്ഞു തരാം.''

ഗാന്ധിജിയുടെ കഥ. ശാന്തമായി സാർ കഥ പറയാൻ തുടങ്ങി. ജ്യേഷ്ഠന്റെ പ്രേരണയാൽ വീട്ടിൽ നിന്ന് സ്വർണം മോഷ്ടിച്ച കഥ. ഗാന്ധിജിയുടെ അച്ഛൻ വളരെ സാധുവായിരുന്നു. മോഷണം നടത്തിക്കഴിഞ്ഞപ്പോൾ ഗാന്ധിജിക്ക് തന്റെ തെറ്റിനെക്കുറിച്ച് കുറ്റബോധം തോന്നി. മനസ്സിലതൊരു നീറ്റലായി. ഒടുക്കം താൻ ചെയ്ത അപരാധം ഒരു പേപ്പറിൽ എഴുതി അച്ഛനു കാണുവാൻ പാകത്തിൽ വെച്ചു.

കത്തു വായിച്ച അദ്ദേഹത്തിന്റെ പിതാവിന്റെ കണ്ണിൽ നിന്നും കണ്ണീർ ഇറ്റു വീണുകൊണ്ടിരുന്നു. തന്റെ പുത്രന്റെ പിശാച് ബാധിച്ച ഹൃദയത്തിൽ നൻമയുടെ വെളിച്ചം വീശിയിരിക്കുന്നു, അവൻ കുറ്റം ഏറ്റുപറഞ്ഞിരിക്കുന്നു. ദൂരെ നിന്ന് ഇത് ഗാന്ധിജി കാണുന്നുണ്ടായിരുന്നു.

പിന്നെ ജീവിതത്തിൽ ഗാന്ധിജി മോഷണം നടത്തിയിട്ടില്ല. കഥ പറഞ്ഞുനിർത്തി അഭിലാഷ് സാർ മഞ്ജിമയെ വിളിച്ചു: ''വരൂ.., ഇതാ അഞ്ഞൂറു രൂപ. ക്ലാസിൽ പണം കൊണ്ടുവന്നാൽ അത് സൂക്ഷിക്കാനും കഴിയണം.'' മഞ്ജിമ കരച്ചിൽ നിർത്തി. ഈ ദൃശ്യം കണ്ടപ്പോൾ, കഥ കേട്ടു കഴിഞ്ഞപ്പോൾ മുതൽ നീലിമക്ക് ശരിക്കും തലവേദനിക്കുന്നതായി തോന്നി.

യഥാർത്ഥ തലവേദന. ദേശീയഗാനത്തിനു ശേഷം കൂട്ടമണി മുഴങ്ങി. കുട്ടികൾ വരിവരിയായി സ്കൂൾ ഗെയ്റ്റിലേക്ക് നടന്നു. സ്റ്റാഫ് റൂമിൽ നിന്ന് അധ്യാപകർ ഓരോരുത്തരായി പൊയ്ക്കൊണ്ടിരുന്നു. അഭിലാഷ് സാർ തന്റെ മേശയിൽ പുസ്തകങ്ങൾ അടുക്കി വെക്കുകയായിരുന്നു. ''സാർ''

''ആരാണ്.. ഓ നീലിമ.. എന്തുപറ്റി..?''



''സാർ കസേരയിൽ നിന്ന് എഴുന്നേറ്റതും നീലിമ കരഞ്ഞുകൊണ്ട് സാറിന്റെ കാലിലേക്ക് വീണു. ''എന്താണ് നീലിമാ എഴുന്നേൽക്കൂ..''

''സാർ ഇതാ അഞ്ഞൂറു രൂപ. മഞ്ജിമയുടെ കാശാണ്. ഞാനിനി ജീവിതത്തിൽ ഇത് ആവർത്തിക്കില്ല. ക്ഷമിക്കണം.''

ഇതു കേട്ട് അഭിലാഷ് സാറിന്റെ ഉള്ളം ഒന്നുപിടഞ്ഞു. പിന്നെ അദ്ദേഹം പറഞ്ഞു: ''ഒരു ദുർബല നിമിഷത്തിൽ നിന്റെ മനസ്സ് വ്യതിചലിച്ചതാണ്. പൊയ്ക്കോളൂ കുട്ടീ.''

കണ്ണുകൾ തുടച്ച് നീലിമ പോകുന്നത് അഭിലാഷ് സാർ നോക്കി നിന്നു.

▸▸ അമേരിക്കയുടെ രാഷ്ട്രപിതാവ് എന്നറിയപ്പെടുന്നത് – ജോർജ് വാഷിംഗ്ടൺ